പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 984 07/02/2013-ൽ മറുപടിക്ക്

## ഭവന രഹിതരായ ആദിവാസികൾക്ക് വീട്

ചോദ്യം

ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
ശ്രീ. പി.ഉബൈദുള്ള
ശ്രീ.കെ.എം.ഷാജി

മറുപടി

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | ഭവന രഹിതരായ ആദിവാസികൾക്ക് വീടുവച്ചു നൽകുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ:; | (എ) & (ബി) | ഉണ്ട്. ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് നിലവിലുള്ള ഭവന പദ്ധതികൾക്കു പുറമേ എല്ലാവിധ പശ്ചാത്തല സൗകര്യങ്ങളോടും കൂടിയ പട്ടികവർഗ്ഗ മോഡൽ കോളനി സ്ഥാപിക്കുന്നതിന് സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രാരംഭമായി സംസ്ഥാനത്ത് 5 മാതൃകാ പട്ടികവർഗ്ഗ കോളനികൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്ക് 325 ചതുരശ്ര അടി വിസ്തൃതിയിൽ ഭവന നിർമ്മാണത്തിനായി 2.50 ലക്ഷം രൂപയാണ് അനുവദിച്ച് വരുന്നത്. എന്നാൽ മോഡൽ പട്ടികവർഗ്ഗ കോളനികളിൽ 400 ചതുരശ്ര അടി വിസ്തൃതിയിൽ വീട് നിർമ്മിക്കുന്നതിന് യൂണിറ്റ് കോസ്റ്റായി 5.32 ലക്ഷം രൂപ പ്രകാരം 25 വീടുകളാണ് നിർമ്മിക്കുന്നത്. ഇതിനു പുറമേ ടാറിട്ട റോഡ്, വൈദ്യുതി, കുടിവെള്ളം, കൃഷിഫാം, കമ്മ്യൂണിറ്റി ഹാൾ, തുടങ്ങിയ എല്ലാ അടിസ്ഥാന |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദീകരിക്കുമോ; | | |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങളോടും കൂടിയ സ്വയം പര്യാപ്തമായ മാതൃകാ പട്ടികവർഗ്ഗ കോളനിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) | നിലവിലുള്ള പദ്ധതിയിലില്ലാത്ത പ്രത്യേകതകളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) | 400 ചതുരശ്ര അടി വിസ്തൃതിയിൽ കോൺക്രീറ്റ് കൂരയോടുകൂടി ടിൻ ഷീറ്റ് പതിപ്പിച്ച് നൽകുന്ന വീടുകൾ ഉൾപ്പെടുന്ന മോഡൽ കോളനിക്ക് എല്ലാ അടിസ്ഥാന സൗകര്യങ്ങളും വിഭാവനം ചെയ്യുന്നു. വീടൊന്നിന് നിർമ്മാണ ചെലവായി 5.32 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. |
| (ഡി) | നിലവിൽ ഭവനരഹിതരായുള്ള ആദിവാസികൾ എത്ര; നടപ്പുവർഷം എത്ര വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ? | | 2008-ൽ പട്ടികവർഗ്ഗ വികസന വകുപ്പ് തൃശ്ശൂരിലെ കില മുഖേന നടത്തിയ സർവ്വേ പ്രകാരം സംസ്ഥാനത്ത് 12935 ഭവന രഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്ളാൻ ഫണ്ട് ഉപയോഗിച്ച് 803 പേർക്കും 13-ാം ധനകാര്യ കമ്മീഷൻ പ്രത്യേക ദുർബല ഗോത്ര വിഭാഗക്കാരുടെ സമഗ്ര വികസനത്തിനനുവദിച്ച 148 കോടി രൂപ ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതിയിൽ 1663 വീടുകളും അടിയ-പണിയ പാക്കേജിൽ ഉൾപ്പെടുത്തി 10 വീടുകളും ഉൾപ്പെടെ 2476 വീടുകൾ നടപ്പു സാമ്പത്തിക വർഷം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ 5 മാതൃകാ പട്ടികവർഗ്ഗ കോളനികളിലായി 125 വീടുകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ